Draft #5 of File 59236/AC A6-2/2024/ACC1 Approved by ASSISTANT REGISTRAR IV (ACADEMIC) on 18-Feb-2026 12:09 PM - Page 1

# മഹാത്മാഗാന്ധി സർവകലാശാല, കേരളം

**സംഗ്രഹം**

അക്കാദമിക് - സർവകലാശാല ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് - സർവകലാശാല ക്യാമ്പസ്സിലെ വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ പരിഗണിക്കുന്നത് - സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 6 സെക്ഷൻ**

നമ്പർ. 1704/AC A 6/2026/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 18.02.2026

---

*പരാമർശം:*-(1) സർവകലാശാല ഉത്തരവ് നം. 4667/AC A 6/2024/എം.ജി.യു, തീയതി: 03.06.2024
(2) 30.01.2026 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 79/26.01/59236/AC A6-2/2024

**ഉത്തരവ്**

സർവകലാശാല ക്യാമ്പസ്സിലെ ഗവേഷക വിദ്യാർത്ഥികൾക്ക് സർവകലാശാല ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് അനുവദിക്കുന്നതിൽ വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ പരിഗണിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം ചുമതലപ്പെടുത്തിയ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ബി. കേരളവർമ്മ, ഡോ.ബീന മാത്യു, ശ്രീ.അമൽ എബ്രഹാം എന്നിവർ ഗവേഷക വിദ്യാർത്ഥി പ്രതിനിധികളുമായി 21.06.2024 തീയതിയിൽ സിൻഡിക്കേറ്റ് ഹാളിൽ വച്ച് ചർച്ച നടത്തിയിരുന്നു. ചർച്ച മുന്നോട്ടു വച്ച ശിപാർശകൾ ചുവടെ ചേർക്കുന്നു :

1. ഫെല്ലോഷിപ്പ് വിതരണം ചെയ്യുമ്പോൾ സർവ്വകലാശാല പഠനവകുപ്പുകളിലെ ഗവേഷകർക്ക് മുൻഗണന ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
2. സർവകലാശാല ഫെല്ലോഷിപ്പിൽ നിന്ന് ഓട്ടോണോമസ് കോളേജിലെ ഗവേഷകരെ ഒഴിവാക്കുക.
3. ഓൺലൈൻ പോർട്ടൽ സജ്ജമാക്കുന്ന മുറയ്ക്ക് മാസാടിസ്ഥാനത്തിൽ ഫെല്ലോഷിപ്പ് വിതരണം സാധ്യമാക്കുക.
4. ഫെല്ലോഷിപ്പിലും കണ്ടിജൻസിയിലും വർഷാവർഷം ഇൻക്രിമെന്റ് നൽകുക.
5. നിലവിലുള്ള ബില്ലുകളിൽ ക്യാഷ് ഡിസ്ബഴ്സൽ സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
6. സർവകലാശാല ഉത്തരവ് നം.6321/ACA6/2022/എം.ജി.യു dt.18.06.2022 ലെ താഴെ പറയുന്ന ശിപാർശകൾ നടപ്പിലാക്കുക.

- കോഴ്സ് വർക്ക് സമയബന്ധിതമായി നടത്തി പെർമനന്റ് രജിസ്ട്രേഷൻ നൽകുകയും പെർമനന്റ് രജിസ്ട്രേഷൻ ലഭിച്ചവർക്ക് മാത്രമായി ഫെലോഷിപ്പ് അപേക്ഷ സമർപ്പിക്കുവാനുള്ള അവസരം പരിമിതപ്പെടുത്തുകയും ചെയ്യുക. ഇക്കാര്യം നോട്ടിഫിക്കേഷനിൽ ഉൾപ്പെടുത്തുകയും ചെയ്യുക.
- സർക്കാരിൽ നിന്ന് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഫെല്ലോഷിപ്പ് തുക ആവശ്യപ്പെടുന്നതിന് പ്രിൻസിപ്പൽമാരോട് ആവശ്യപ്പെടുക.
- എയ്ഡഡ് മേഖലയിലുള്ള സ്വയം ഭരണ കോളേജുകൾ അവരുടെ റിസർച്ച് സെന്ററുകളിലെ ഗവേഷണ വിദ്യാർത്ഥികൾക്ക് തനത് ഫണ്ടിൽ നിന്നു ഫെല്ലോഷിപ്പ് തുക കണ്ടെത്തി നൽകുക.

ടി ശിപാർശകളിന്മേൽ നയപരമായ തീരുമാനം ആവശ്യമായതിനാൽ വൈസ് ചാൻസലറുടെ 20.07.2024-ലെ ഉത്തരവിൻ പ്രകാരം പ്രസ്തുത ചർച്ചയുടെ മിനിറ്റ്സ് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

30.01.2026 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം, പരാമർശം(2) പ്രകാരം, പ്രസ്തുത വിഷയത്തിൽ തീരുമാനമായതിനാൽ ഫയൽ മടക്കുന്നതിന് തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മിനിമോൾ കെ സക്കറിയാസ്

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ
2. വൈസ് -ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ,ഫിനാൻസ് ഓഫീസർ എന്നിവരുടെ പി. എ മാർ
4. ഡയറക്ടർ, റിസർച്ച്
5. ജെആർ II (അഡ്മിൻ)/ഡി.ആർ I/ എ.ആർ IV(അക്കാദമിക്)
6. ജെആർ/ഡി.ആർ I/ എ.ആർ II(ഫിനാൻസ്)
7. എസിസി 1 സെക്ഷൻ (Action Taken Report)
8. ഓഡിറ്റ് V, ജനറൽ ക്യാഷ് സെക്ഷനുകൾ
9. IQAC
10. ജോയിന്റ് ഡയറക്ടർ, കെ.എസ്.എ.ഡി.
11. സർവകലാശാല വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #5 of File 59236/AC A6-2/2024/ACC1 Approved by ASSISTANT REGISTRAR IV (ACADEMIC) on 18-Feb-2026 12:09 PM - Page 2